കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# രാഷ്ട്രപതി-ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ ആക്റ്റ്, 1952

(1952-ലെ 31-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില: ‍രൂ 0-80

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# രാഷ്ട്രപതി—ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ ആക്റ്റ്, 1952

(1952-ലെ 31-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# രാഷ്ട്രപതി—ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ ആക്റ്റ്, 1952

(1952-ലെ 31-ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

ആമുഖം

### ഭാഗം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേര്.
2. നിർവ്വചനങ്ങൾ.

### ഭാഗം II

### രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റേയും ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റേയും നടത്തിപ്പ്

3. വരണാധികാരിയും അയാളുടെ അസിസ്റ്റന്റുമാരും.
4. നാമനിർദ്ദേശം മുതലായവയ്ക്ക് തീയതി നിശ്ചയിക്കൽ.
5. തിരഞ്ഞെടുപ്പിന്റെ പബ്ലിക്ക് നോട്ടീസ്.

5ക. സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം.

5ഖ. നാമനിർദ്ദേശപത്രങ്ങൾ ബോധിപ്പിക്കലും സാധുവായ നാമനിർദ്ദേശത്തിനു വേണ്ട സംഗതികളും.

5ഗ. കെട്ടിവെയ്പ്പ്.

5ഘ. നാമനിർദ്ദേശങ്ങളെക്കുറിച്ചുള്ള നോട്ടീസും, അവയുടെ സൂക്ഷ്മ പരിശോധനക്കുള്ള സമയവും സ്ഥലവും.

5ങ. നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന.

6. സ്ഥാനാർത്ഥിത്വം പിൻവലിക്കൽ.
7. വോട്ടെടുപ്പിനുമുമ്പ് സ്ഥാനാർത്ഥി മരിക്കുന്നത്.
8. മൽസരമുള്ളവയും മൽസരമില്ലാത്തവയും ആയ തിരഞ്ഞെടുപ്പുകളിലെ നടപടിക്രമം.

9. തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്ന രീതി.
10. വോട്ടെണ്ണൽ.
11. ഫലപ്രഖ്യാപനം.
12. ഫലം റിപ്പോർട്ടു ചെയ്യൽ.

## ഭാഗം III

## തിരഞ്ഞെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ

13. നിർവ്വചനങ്ങൾ.
14. തിരഞ്ഞെടുപ്പ് ഹർജികൾ.
15. ഹർജികളുടെ ഫാറം മുതലായവയും നടപടിക്രമവും.
16. ഹർജിക്കാരന് ആവശ്യപ്പെടാവുന്ന നിവൃത്തി.
17. സുപ്രീം കോടതിയുടെ ഉത്തരവുകൾ.
18. വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള കാരണങ്ങൾ.
19. വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയല്ലാത്ത ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി സ്ഥാപന ചെയ്യാൻ വേണ്ട കാരണങ്ങൾ.
20. കേന്ദ്ര ഗവൺമെൻറിന് ഉത്തരവുകൾ അയച്ചുകൊടുക്കുന്നതും അതിൻെറ പ്രസിദ്ധീകരണവും.

## ഭാഗം IV

## പലവക

20 ക. സ്ഥാനാർത്ഥിയുടെ കെട്ടിവച്ച പണം മടക്കിക്കൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യൽ.
21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.
22. വോട്ടുചെയ്യൽ സംബന്ധിച്ച രഹസ്യപാലനം നിലനിറുത്തണമെന്ന്.
23. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് തടസ്സം.

# രാഷ്ട്രപതി—ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ ആക്റ്റ്, 1952

(1952-ലെ 31-ാം നമ്പർ ആക്റ്റ്)

## ഇൻഡ്യയുടെ രാഷ്ട്രപതിയുടേയും ഉപരാഷ്ട്രപതിയുടേയും ഉദ്യോഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചതോ അവയുമായി ബന്ധപ്പെട്ടതോ ആയ ചില നിയമങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള ആക്റ്റ്

[1952 മാർച്ച്, 14]

പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേര്.—ഈ ആക്റ്റിനെ രാഷ്ട്രപതി—ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ ആക്റ്റ്, 1952 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം ഈ ആക്റ്റിൽ—

(ക) "അനുച്ഛേദം" എന്നാൽ ഭരണഘടനയുടെ അനുച്ഛേദം എന്നർത്ഥമാകുന്നു.

(ഖ) "തിരഞ്ഞെടുപ്പ്" എന്നാൽ രാഷ്ട്രപതി തിരഞ്ഞെടുപ്പ് എന്നോ ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് എന്നോ അർത്ഥമാകുന്നു.

(ഗ) "തിരഞ്ഞെടുപ്പു കമ്മീഷൻ" എന്നാൽ 324-ാം അനുച്ഛേദത്തിൻ കീഴിൽ രാഷ്ട്രപതിയാൽ നിയമിക്കപ്പെട്ട തിരഞ്ഞെടുപ്പ് കമ്മീഷൻ എന്നർത്ഥമാകുന്നു.

(ഘ) "നിയോജകൻ" എന്നാൽ രാഷ്ട്രപതി തിരഞ്ഞെടുപ്പ് സംബന്ധിച്ച്, 54-ാം അനുച്ഛേദത്തിൽ പരാമർശിക്കപ്പെട്ട നിയോജക ഗണത്തിലെ അംഗം എന്നർത്ഥമാകുന്നതും, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പു സംബന്ധിച്ച്, 66-ാം അനുച്ഛേദത്തിൽ പരാമർശിക്കപ്പെട്ട നിയോജക ഗണത്തിലെ അംഗം എന്നർത്ഥമാകുന്നതും ആണ്.

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(ച) "രാഷ്ട്രപതി തിരഞ്ഞെടുപ്പ്" എന്നാൽ ഇൻഡ്യയുടെ രാഷ്ട്രപതിയുടെ ഉദ്യോഗം പൂരിപ്പിക്കുവാനുള്ള തിരഞ്ഞെടുപ്പ് എന്നർത്ഥമാകുന്നു.

(ച ച) "പൊതു ഒഴിവുദിവസം" എന്നാൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, 1881 (1881-ലെ 26) 25-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി പൊതു ഒഴിവുദിവസമായ ഏതെങ്കിലും ദിവസമെന്ന് അർത്ഥമാകുന്നു.

(ഛ) "വരണാധികാരി" യിൽ 3-ാംവകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നിർവ്വഹിക്കുവാൻ ക്ഷമതയുള്ള ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്ന അസിസ്റ്റന്റ് വരണാധികാരി ഉൾപ്പെടുന്നു.

(ജ) "ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്" എന്നാൽ ഇൻഡ്യയുടെ ഉപരാഷ്ട്രപതിയുടെ ഉദ്യോഗം പൂരിപ്പിക്കുവാനുള്ള തിരഞ്ഞെടുപ്പ് എന്നർത്ഥമാകുന്നു.

## ഭാഗം II

## രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റേയും ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റേയും നടത്തിപ്പ്

3. വരണാധികാരിയും അയാളുടെ അസിസ്റ്റന്റുമാരും.—(1) ഓരോ തിരഞ്ഞെടുപ്പിന്റെയും ആവശ്യങ്ങൾക്കുവേണ്ടി "തിരഞ്ഞെടുപ്പുകമ്മീഷൻ" കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് ഒരു വരണാധികാരിയെ നിയമിക്കേണ്ടതും അയാൾക്ക് ന്യൂഡൽഹിയിൽ ആഫീസുണ്ടായിരിക്കേണ്ടതും കൂടാതെ തിരഞ്ഞെടുപ്പു കമ്മീഷന് ഒന്നോ അതിലധികമോ അസിസ്റ്റന്റ് വരണാധികാരികളെ നിയമിക്കാവുന്നതും ആണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായി, വരണാധികാരിയുടെ ചുമതലകൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുവാൻ ഓരോ അസിസ്റ്റന്റ് വരണാധികാരിക്കും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

4. നാമനിർദ്ദേശം മുതലായവയ്ക്ക് തീയതി നിശ്ചയിക്കൽ.—(1) തിരഞ്ഞെടുപ്പുകമ്മീഷൻ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഓരോ തിരഞ്ഞെടുപ്പിനും—

(ക) നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അവസാനത്തീയതി നിശ്ചയിക്കേണ്ടതും, അത് ഈ ഉപവകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയുടെ പതിന്നാലാം ദിവസമോ, അത് പൊതുഒഴിവു ദിവസമാണെങ്കിൽ പൊതു ഒഴിവുദിവസമല്ലാത്ത അടുത്ത പിന്നീടുള്ള ദിവസമോ ആയിരിക്കേണ്ടതും;

(ഖ) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതി നിശ്ചയിക്കേണ്ടതും, അത് നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അവസാനത്തീയതിക്ക് തൊട്ടു പിന്നീടുള്ള ദിവസമോ, അത് പൊതു ഒഴിവുദിവസമാണെങ്കിൽ പൊതു ഒഴിവുദിവസമല്ലാത്ത അടുത്ത പിന്നീടുള്ള ദിവസമോ ആയിരിക്കേണ്ടതും ;

(ഗ) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന ത്തീയതി നിശ്ചയിക്കേണ്ടതും, അത് നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിക്കുശേഷം രണ്ടാം ദിവസമോ, അത് പൊതു ഒഴിവു ദിവസമാണെങ്കിൽ പൊതു ഒഴിവുദിവസമല്ലാത്ത അടുത്ത പിന്നീടുള്ള ദിവസമോ ആയിരിക്കേണ്ടതും;

(ഘ) വോട്ടെടുപ്പ്, ആവശ്യമാണെങ്കിൽ, നടത്തേണ്ട തീയതി നിശ്ചയിക്കേണ്ടതും, അത് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിക്കുശേഷം പതിനഞ്ചാം ദിവസത്തിന് മുമ്പല്ലാതെയുള്ള ഒരു തീയതി ആയിരിക്കേണ്ടതും,

ആകുന്നു.

(2) ആദ്യത്തെ രാഷ്ട്രപതിത്തിരഞ്ഞെടുപ്പിന്റേയും ഉപരാഷ്ട്രപതി ത്തിരഞ്ഞെടുപ്പിന്റേയും സംഗതിയിൽ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനങ്ങൾ പാർലമെന്റിന്റെ ഇരുസഭകളും രൂപവൽക്കരിച്ചതിനുശേഷം കഴിയുന്നത്ര വേഗം പുറപ്പെടുവിക്കേണ്ടതാകുന്നു.

(3) രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗ കാലാവധി അവസാനിക്കുന്നതിനാൽ ഉണ്ടാകുന്ന ഒഴിവ് പൂരിപ്പിക്കാനുള്ള ഒരു തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനം, അതതു സംഗതിപോലെ, സ്ഥാനം ഒഴിയുന്ന രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗകാലാവധി അവസാനിക്കുന്നതിനുമുമ്പുള്ള അറുപതാം ദിവസമോ അതിനുശേഷം സൗകര്യമായിടത്തോളം വേഗത്തിലോ പുറപ്പെടുവിക്കേണ്ടതും ആ തീയതികൾ മേല്പറഞ്ഞ ഉപവകുപ്പിൻകീഴിൽ തിരഞ്ഞെടുപ്പ് അതുവഴി തിരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രപതിക്കോ ഉപരാഷ്ട്രപതിക്കോ, അതതു സംഗതിപോലെ, സ്ഥാനം ഒഴിയുന്ന രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗകാലാവധി അവസാനിക്കുന്നതിന്റെ പിറ്റേദിവസം, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ കഴിവുണ്ടാകത്തക്ക സമയത്ത് പൂർത്തീകരിക്കത്തക്കവിധം നിശ്ചയിക്കേണ്ടതും ആകുന്നു.

(4) രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗത്തിൽ, അവരുടെ മരണത്താലോ രാജിയാലോ, അവർ നീക്കം ചെയ്യപ്പെടുന്നതിനാലോ മറ്റു വിധത്തിലോ ഉണ്ടാകുന്ന ഒഴിവ് പൂരിപ്പിക്കുവാനുള്ള ഒരു തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനം അങ്ങനെയുള്ള ഒഴിവ് ഉണ്ടായതിനുശേഷം കഴിയുന്നത്ര വേഗം പുറപ്പെടുവിക്കേണ്ടതാകുന്നു.

5. തിരഞ്ഞെടുപ്പിന്റെ പബ്ലിക് നോട്ടീസ്.—4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ തിരഞ്ഞെടുപ്പിനുള്ള വരണാധികാരി സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടും നാമനിർദ്ദേശപത്രങ്ങൾ സമർപ്പിക്കുന്നതിനുള്ള സ്ഥലം നിർദ്ദേശിച്ചുകൊണ്ടും ഉദ്ദിഷ്ട തിരഞ്ഞെടുപ്പിന്റെ പബ്ലിക് നോട്ടീസ് നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും നല്കേണ്ടതാകുന്നു.

5ക. സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശം. — ഏതൊരാളേയും, അയാൾ ഭരണഘടനയിൻകീഴിൽ, രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനാണെങ്കിൽ ആ ഉദ്യോഗത്തിനുള്ള തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

5ഖ. നാമനിർദ്ദേശപത്രങ്ങൾ ബോധിപ്പിക്കലും സാധുവായ നാമനിർദ്ദേശത്തിനുവേണ്ട സംഗതികളും.—(1) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നിശ്ചയിക്കപ്പെട്ട തീയതിയോ അതിനുമുമ്പോ ഓരോ സ്ഥാനാർത്ഥിയും നേരിട്ടോ അയാളുടെ നിർദ്ദേശകൻമാരിലോ അനുവാദകൻമാരിലോ ആരെങ്കിലും വഴിയോ 5-ാം വകുപ്പിൻകീഴിൽ പുറപ്പെടു

വിച്ചിട്ടുള്ള പബ്ലിക് നോട്ടീസിൽ ഇതിലേക്ക് വിനിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തുവച്ച് ഉച്ചയ്ക്കുമുൻപ് പതിനൊന്നു മണിക്കും ഉച്ചതിരിഞ്ഞ് മൂന്നു മണിക്കും ഇടയിൽ, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും നാമനിർദ്ദേശത്തിന് അനുമതി നല്കിക്കൊണ്ട്, സ്ഥാനാർത്ഥിയും,

(ക) രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, നിർദ്ദേശകരായി കുറഞ്ഞത് പത്ത് നിയോജകരും അനുവാദകരായി കുറഞ്ഞത് പത്ത് നിയോജകരും ;

(ഖ) ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, നിർദ്ദേശകരായി കുറഞ്ഞത് അഞ്ച് നിയോജകരും അനുവാദകരായി കുറഞ്ഞത് അഞ്ച് നിയോജകരും, ഒപ്പിട്ടിട്ടുള്ളതുമായ നാമനിർദ്ദേശപത്രം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്:

എന്നാൽ യാതൊരു നാമനിർദ്ദേശപത്രവും വരണാധികാരിക്ക് പൊതു ഒഴിവുദിവസമായ ഒരു ദിവസം ബോധിപ്പിക്കാൻ പാടുള്ളതല്ല.

(2) ഓരോ നാമനിർദ്ദേശപത്രത്തിന്റേയും ഒപ്പം സ്ഥാനാർത്ഥി നിയോജകനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് പാർലമെന്ററി നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ സ്ഥാനാർത്ഥിയെ സംബന്ധിച്ച ഉൾക്കുറിപ്പിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ് ഉണ്ടായിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും ദിവസം ഉച്ചയ്ക്കു മുൻപ് പതിനൊന്നു മണിക്കു മുൻപും ഉച്ചതിരിഞ്ഞ് മൂന്നു മണിക്കുശേഷവും ബോധിപ്പിക്കുന്ന യാതൊരു നാമനിർദ്ദേശപത്രവും വരണാധികാരി സ്വീകരിക്കാൻ പാടുള്ളതല്ല.

(4) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നിശ്ചയിച്ചിട്ടുള്ള അവസാനത്തീയതി ഉച്ചതിരിഞ്ഞ് മൂന്നു മണിക്കുമുൻപ് കിട്ടാത്തതോ, ഈ വകുപ്പിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സർട്ടിഫൈ ചെയ്ത പകർപ്പോടുകൂടിയതല്ലാത്തതോ ആയ ഏതെങ്കിലും നാമനിർദ്ദേശപത്രം തിരസ്കരിക്കേണ്ടതും, അങ്ങനെ തിരസ്കരിക്കുന്നതു സംബന്ധിച്ചുള്ള സംക്ഷിപ്തമായ ഒരു കുറിപ്പ് നാമനിർദ്ദേശപത്രത്തിൻമേൽ തന്നെ റിക്കാർഡാക്കേണ്ടതും ആകുന്നു.

(5) യാതൊരു നിയോജകനും, നിർദ്ദേശകനായിട്ടായാലും അനുവാദകനായിട്ടായാലും, ഒരേ തിരഞ്ഞെടുപ്പിൽ ഒന്നിലധികം നാമനിർദ്ദേശപത്രങ്ങൾ ഒപ്പിടാൻ പാടില്ലാത്തതും, അയാൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ അയാളുടെ ഒപ്പ് ആദ്യം സമർപ്പിച്ച പത്രമല്ലാത്ത ഏതെങ്കിലും പത്രത്തിൽ പ്രവർത്തനരഹിതമായിരിക്കുന്നതും ആകുന്നു.

(6) ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും സ്ഥാനാർത്ഥിയെ ഒരേ തിരഞ്ഞെടുപ്പിന് ഒന്നിലധികം നാമനിർദ്ദേശപത്രങ്ങൾവഴി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിൽനിന്ന് തടയുന്നതല്ല:

എന്നാൽ നാലിലധികം നാമനിർദ്ദേശപത്രങ്ങൾ ഏതെങ്കിലും സ്ഥാനാർത്ഥിയോ അയാൾക്ക് വേണ്ടിയോ ബോധിപ്പിക്കുകയോ വരണാധികാരി സ്വീകരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

5 ഗ. കെട്ടിവെയ്പ്.—(1) ഒരു സ്ഥാനാർത്ഥി രണ്ടായിരത്തഞ്ഞൂറു രൂപ കെട്ടിവയ്ക്കുകയോ കെട്ടിവയ്പ്പിക്കുകയോ ചെയ്യാത്തപക്ഷം, തിരഞ്ഞെടുപ്പിന് മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതല്ല:

എന്നാൽ ഒരു സ്ഥാനാർത്ഥി ഒരേ തിരഞ്ഞെടുപ്പിൽ ഒന്നിലധികം
നാമനിർദ്ദേശപത്രങ്ങൾ വഴി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അയാ
ളോട് ഈ ഉപവകുപ്പിൻകീഴിൽ ഒന്നിലധികം കെട്ടിവയ്പ് ആവശ്യപ്പെടു
ന്നില്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ കെട്ടിവയ്ക്കേണ്ട തുക 5ഖ വകുപ്പ്
(1)-ാം ഉപവകുപ്പിൻ കീഴിൽ നാമനിർദ്ദേശപത്രം ബോധിപ്പിക്കുന്ന സമയത്ത്
സ്ഥാനാർത്ഥി ആ തുക വരണാധികാരിയുടെ പക്കൽ രൊക്കമായി കെട്ടി
വയ്ക്കുകയോ കെട്ടിവയ്പ്പിക്കുകയോ അല്ലെങ്കിൽ അയാളോ, അയാൾക്ക്
വേണ്ടിയോ മുൻപറഞ്ഞ തുക റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയിലോ ഗവൺ
മെൻറ് ട്രഷറിയിലോ കെട്ടിവച്ചിട്ടുണ്ടെന്ന് കാണിക്കുന്ന രസീത് നാമനിർ
ദ്ദേശപത്രത്തോടൊപ്പം അടക്കം ചെയ്യുകയോ ചെയ്തിട്ടില്ലാത്തപക്ഷം,
1-ാം ഉപവകുപ്പിൻ കീഴിൽ കെട്ടിവച്ചിട്ടുള്ളതായി കരുതപ്പെടുന്നതല്ല.

5ഘ. <u>നാമനിർദ്ദേശങ്ങളെക്കുറിച്ചുള്ള നോട്ടീസും, അവയുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള സമയവും സ്ഥലവും.</u>—നാമനിർദ്ദേശപത്രം
ബോധിപ്പിക്കപ്പെടുന്നതിൻമേൽ, വരണാധികാരി—

(ക) അതിൻമേൽ നാമനിർദ്ദേശപത്രം ബോധിപ്പിച്ച തീയതിയും
സമയവും പ്രസ്താവിക്കുന്ന ഒരു സർട്ടിഫിക്കററു ഒപ്പിടുകയും അതിൻെറ
ക്രമനമ്പർ ചേർക്കുകയും ;

(ഖ) നാമനിർദ്ദേശപത്രം ബോധിപ്പിക്കുന്ന ആളേയോ, ആളുകളേയോ
നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള
തീയതിയും സമയവും സ്ഥലവും അറിയിക്കുകയും;

(ഗ) (ക) ഖണ്ഡത്തിൻകീഴിൽ സർട്ടിഫൈ ചെയ്യുകയും നമ്പർ ചെയ്യു
കയും ചെയ്തതുപ്രകാരമുള്ള നാമനിർദ്ദേശരൂപത്തിൻെറ ഒരു പകർപ്പ്
തൻെറ ആഫീസിൽ ശ്രദ്ധയാകർഷിക്കുന്ന വല്ല സ്ഥലത്തും പതിപ്പിക്കുകയും;

ചെയ്യേണ്ടതാകുന്നു.

5ങ. <u>നാമനിർദ്ദേശപത്രങ്ങളുടെ സൂക്ഷ്മപരിശോധന</u>—(4)-ാം വകുപ്പ്
(1)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനക്ക്
നിജപ്പെടുത്തിയിട്ടുള്ള തീയതി നാമനിർദേശങ്ങളുടെ സൂക്ഷ്മ പരിശോധന
സമയത്ത് സ്ഥാനാർത്ഥികൾക്കും, ഓരോ സ്ഥാനാർത്ഥിയുടേയും ഒരു
നിർദേശകനും അല്ലെങ്കിൽ ഒരു അനുവാദകനും ഓരോസ്ഥാന ർത്ഥിയും ലിഖിത
മായി മുറപ്രകാരം പ്രാധികാരം നല്കിയിട്ടുള്ള മററൊരാൾക്കും, സന്നിഹിത
രായിരിക്കാൻ അവകാശമുണ്ടായിരിക്കുന്നതും, മററാർക്കും അങ്ങനെ അവകാശ
മുണ്ടായിരിക്കുന്നതല്ലാത്തതും. വരണാധികാരി എല്ലാസ്ഥാനാർത്ഥികളുടേയും
5ഖ വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽതിരസ്ക്കരിക്കപ്പെടാത്ത നാമനിർദ്ദേശ
പത്രങ്ങൾ പരിശോധിക്കുന്നതിനുവേണ്ട ന്യായമായ എല്ലാ സൗകര്യങ്ങളും
അവർക്കു നല്കേണ്ടതും ആകുന്നു.

(2) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധനക്ക് നിജപ്പെടുത്തിയി
ട്ടുള്ള ദിവസം 5ഖ വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ മുമ്പേ തിരസ്ക്കരിക്ക
പ്പെട്ട നാമനിർദ്ദേശപത്രങ്ങൾ സൂക്ഷ്മ പരിശോധന ചെയ്യേണ്ട ആവശ്യമി
ല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യുന്നതിനായി ഇതിനാൽ വിഖ്യാപിക്കുന്നു.

(3) വരണാധികാരി പിന്നീട് നാമനിർദേശപത്രികകൾ പരിശോധി
ക്കേണ്ടതും, ഏതെങ്കിലും നാമനിർദ്ദേശ പത്രത്തെക്കുറിച്ച് നല്കുന്ന
എല്ലാ ആക്ഷേപങ്ങളിലും തീരുമാനമെടുക്കേണ്ടതും അങ്ങനെയുള്ള

യുള്ള ആക്ഷേപത്തിൻമേൽ അല്ലെങ്കിൽ സ്വയമേവ, ആവശ്യകമെന്നു തനിക്ക് തോന്നുന്ന സമ്മറി അന്വേഷണവിചാരണ വല്ലതുമുണ്ടെങ്കിൽ അതിനുശേഷം താഴെപ്പറയുന്നവയിൽ ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും നാമനിർദ്ദേശം തിരസ്ക്കരിക്കാവുന്നതും ആണ്.

(ക) നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള തീയതി, സ്ഥാനാർത്ഥിക്ക് ഭരണഘടനയുടെ കീഴിൽ, രാഷ്ട്രപതിയായോ ഉപരാഷ്ട്രപതിയായോ അതതു, സംഗതിപോലെ, തിരഞ്ഞെടുക്കപ്പെടാൻ അർഹനല്ലെന്ന്; അല്ലെങ്കിൽ

(ഖ) നിർദ്ദേശകൻമാരിലോ, അനുവാദകൻമാരിലോ ആർക്കെങ്കിലും 5 ഖ വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശപത്രം ഒപ്പിടുന്നതിനു യോഗ്യതയില്ലെന്ന്; അല്ലെങ്കിൽ

(ഗ) നാമനിർദ്ദേശപത്രം വേണ്ടത്ര നിർദ്ദേശകൻമാരോ അനുവാദകൻമാരോ ഒപ്പിട്ടിട്ടില്ലെന്ന്; അല്ലെങ്കിൽ

(ഘ) സ്ഥാനാർത്ഥിയുടേയോ നിയോജകൻമാരിലോ അനുവാദകൻമാരിലോ ആരുടെയെങ്കിലുമോ ഒപ്പ് യഥാർത്ഥമായതല്ലെന്നോ, വഞ്ചനയാൽ നേടിയിട്ടുള്ളതെന്നോ ; അല്ലെങ്കിൽ

(ങ) 5ഖ വകുപ്പിലേയോ 5ഗ വകുപ്പിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കാതിരുന്നിട്ടുണ്ടെന്ന്.

(4) ഏതു നാമനിർദേശം സംബന്ധിച്ചാണോ യാതൊരു ക്രമക്കേടും ചെയ്യപ്പെട്ടിട്ടില്ലാത്തത്, അങ്ങനെയുള്ള ഒരു നാമനിർദ്ദേശപത്രംവഴി ഏതെങ്കിലും സ്ഥാനാർത്ഥി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, (3)-ാം ഉപവകുപ്പ് (ഖ) മുതൽ (ങ) വരെ ഖണ്ഡങ്ങളിൽ അടങ്ങിയ യാതൊന്നും മറ്റൊരു നാമനിർദ്ദേശപത്രം സംബന്ധിച്ച് ഏതെങ്കിലും ക്രമക്കേടുണ്ടെന്ന കാരണത്തിൻമേൽ ഏതെങ്കിലും സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം തിരസ്ക്കരിക്കുന്നതിന് പ്രാധികാരം നല്കുന്നതായി, കരുതപ്പെടുന്നതല്ല.

(5) വരണാധികാരി സാരവത്തായ സ്വഭാവത്തോടുകൂടിയതല്ലാത്ത ഏതെങ്കിലും ന്യൂനതയുടെ കാരണത്തിൻമേൽ ഏതെങ്കിലും നാമനിർദ്ദേശപത്രം തിരസ്ക്കരിക്കാൻ പാടുള്ളതല്ല.

(6) വരണാധികാരി സൂക്ഷ്മ പരിശോധന 4-ാംവകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ ഇതിലേക്കു നിശ്ചയിച്ചിട്ടുള്ള തീയതി നടത്തേണ്ടതും നടപടികളുടെ യാതൊരു നീട്ടിവയ്ക്കലും, അങ്ങനെയുള്ള നടപടികൾ ലഹളയാലോ പരസ്യമായ അക്രമത്താലോ അല്ലെങ്കിൽ തന്റെ നിയന്ത്രണത്തിനു അതീതമായ കാരണങ്ങളാലോ തടസ്സപ്പെടുത്തുകയോ ചെയ്യുമ്പോഴൊഴികെ അനുവദിക്കാൻ പാടില്ലാത്തതും വിഘാതപ്പെടുത്തുകയോ, ആകുന്നു:

എന്നാൽ ഒരു ആക്ഷേപം വരണാധികാരി ഉന്നയിക്കുകയോ മറ്റെതെങ്കിലും ആൾ നല്കുകയോ ചെയ്യുന്നതായാൽ അതു ഖണ്ഡിക്കുന്നതിനു ബന്ധപ്പെട്ട സ്ഥാനാർത്ഥിക്കു സൂക്ഷ്മ പരിശോധനക്കു നിജപ്പെടുത്തിയിട്ടുള്ള തീയതിയുടെ പിറേറതിന്റെ പിറേറ ദിവസത്തിലും വൈകാത്ത സമയം അനുവദിക്കാവുന്നതും, നടപടികൾ നീട്ടിവയ്ക്കപ്പെട്ടിട്ടുള്ള തീയതി വരണാധികാരി തന്റെ തീരുമാനം റിക്കാർഡാക്കേണ്ടതുമാകുന്നു.

(7) വരണാധികാരി ഓരോ നാമനിർദ്ദേശപത്രത്തിൻമേലും അതു സ്വീകരിച്ചുകൊണ്ടോ തിരസ്ക്കരിച്ചുകൊണ്ടോ ഉള്ള തന്റെ തീരുമാനം എൻഡോഴ്സ് ചെയ്യേണ്ടതും, നാമനിർദ്ദേശപത്രം തിരസ്ക്കരിക്കപ്പെടുന്നുവെങ്കിൽ അങ്ങനെ തിരസ്ക്കരിക്കുന്നതിനു തനിക്കുള്ള കാരണങ്ങളുടെ ഒരു സംക്ഷിപ്തമായ പ്രസ്താവന ലിഖിതമായി റിക്കാർഡാക്കേണ്ടതും ആകുന്നു.

(8) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള തിരഞ്ഞെടുപ്പു പട്ടികയിലെ ഒരു ഉൾക്കുറിപ്പിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ്, ആ ഉൾക്കുറിപ്പിൽ പരാമർശിക്കപ്പെട്ട ആൾ ആ നിയോജക മണ്ഡലത്തിന്നുള്ള ഒരു നിയോജകനാണെന്നുള്ള വസ്തുതക്ക്, അയാൾ ജന പ്രാതിനിധ്യആക്റ്റ്, 1950 (1950-ലെ 43)-ലെ 16-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാണെന്ന് തെളിയിക്കപ്പെടാത്ത പക്ഷം, നിശ്ചായകത്തെളിവായിരിക്കുന്നതാണ്.

6. സ്ഥാനാർത്ഥിത്വം പിൻവലിക്കൽ.—(1) ഏതെങ്കിലും സ്ഥാനാർത്ഥിക്ക് നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ളതും താൻ ഒപ്പിട്ടിട്ടുള്ളതും, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിൽ നിജപ്പെടുത്തിയിട്ടുള്ള തീയതി ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് മുമ്പ്, ആ സ്ഥാനാർത്ഥി നേരിട്ടോ, സ്ഥാനാർത്ഥി അതിലേക്ക് ലിഖിതരൂപത്തിൽ പ്രാധികാരം നല്കിയിട്ടുള്ള തന്റെ നിർദ്ദേശകൻമാരിലോ അനുവാദകൻമാരിലോ ഏതെങ്കിലും ഒരുവൻ മുഖേനയോ വരണാധികാരിക്ക് ഡലിവർ ചെയ്യുന്നതുമായ ലിഖിതമായ നോട്ടീസ് വഴി തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചുകൊണ്ടുള്ള നോട്ടീസ് നല്കിയിട്ടുള്ള യാതൊരാളേയും ആ നോട്ടീസ് റദ്ദാക്കുവാൻ അനുവദിക്കുന്നതല്ല.

(3) വരണാധികാരി പിൻവലിക്കൽനോട്ടീസിന്റെ യഥാർത്ഥതയെക്കുറിച്ചും (1)-ാം ഉപവകുപ്പിൻ കീഴിൽ അതു ഡെലിവർചെയ്യുന്ന ആളുടെ അനന്യതയെക്കുറിച്ചും ബോദ്ധ്യപ്പെടുന്നതിൻമേൽ നോട്ടീസ് തന്റെ ആഫീസിൽ ശ്രദ്ധയാകർഷിക്കുന്ന വല്ല സ്ഥലത്തും പതിപ്പിക്കേണ്ടതാകുന്നു.

7. വോട്ടെടുപ്പിന് മുമ്പ് സ്ഥാനാർത്ഥി മരിക്കുന്നത്.— നാമനിർദ്ദേശം ചെയ്യപ്പെടുകയും അത് സൂക്ഷ്മ പരിശോധനയിൽ ശരിയാണെന്ന് കാണപ്പെടുകയും ചെയ്ത ഒരു സ്ഥാനാർത്ഥി, നാമനിർദ്ദേശത്തിന് നിജപ്പെടുത്തിയിട്ടുള്ള സമയത്തിനുശേഷം മരിക്കുകയും, അയാളുടെ മരണത്തെകുറിച്ചുള്ള ഒരു റിപ്പോർട്ട് വോട്ടെടുപ്പ് ആരംഭിക്കുന്നതിനു മുമ്പ് വരണാധികാരിക്ക് ലഭിക്കുകയും ചെയ്യുന്നുവെങ്കിൽ, സ്ഥാനാർത്ഥി മരിച്ചു എന്ന വസ്തുതയെ കുറിച്ച് ബോദ്ധ്യമാകുന്നതിൻമേൽ, വോട്ടെടുപ്പിനുള്ള ഉത്തരവു റദ്ദാക്കുകയും, വസ്തുത തിരഞ്ഞെടുപ്പു വരണാധികാരി കമ്മീഷനു റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതും, തിരഞ്ഞെടുപ്പു സംബന്ധിച്ച എല്ലാ നടപടികളും ഒരു പുതിയ തിരഞ്ഞെടുപ്പിനെന്നപോലെ എല്ലാ പ്രകാരത്തിലും പുതുതായി ആരംഭിക്കപ്പെടേണ്ടതുമാകുന്നു:

എന്നാൽ വോട്ടെടുപ്പിനുള്ള ഉത്തരവ് റദ്ദാക്കുന്ന സമയത്ത് നാമനിർദ്ദേശം സാധുവായിരുന്ന ഒരു സ്ഥാനാർത്ഥിയുടെ സംഗതിയിൽ വീണ്ടും ഒരു നാമനിർദ്ദേശം ആവശ്യകമായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, വോട്ടെടുപ്പിനുള്ള ഉത്തരവ് റദ്ദാക്കുന്നതിനു മുമ്പ് 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചുകൊണ്ടുള്ള നോട്ടീസ് നല്കിയിട്ടുള്ള യാതൊരാളും, അങ്ങനെയുള്ള റദ്ദാക്കലിനുശേഷം, ആ തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അനർഹനായിരിക്കുന്നതല്ല.

8. മൽസരമുള്ളവയും മൽസരമില്ലാത്തവയും ആയ തിരഞ്ഞെടുപ്പുകളിലെ നടപടിക്രമം.—6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്ന കാലാവധി അവസാനിച്ചതിനുശേഷം—

(ക) ഒരു സ്ഥാനാർത്ഥി മാത്രമുണ്ടായിരിക്കുകയും അയാാം സാധുതയോടെ നാമനിർദ്ദേശം ചെയ്യപ്പെടുകയും ആ ഉപവകുപ്പിൽ വീ നിർദ്ദേശിക്കപ്പെട്ട രീതിയിലും സമയത്തിനുള്ളിലും തന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ വരണാധികാരി, അതതുസംഗതിപോലെ, രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗത്തിലേക്ക്, ആ സ്ഥാനാർത്ഥി മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി ഉടനെ പ്രഖ്യാപിക്കേണ്ടതും;

(ഖ) മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുകയും എന്നാൽ തങ്ങളുടെ സ്ഥാനാർത്ഥിത്വം അപ്രകാരം പിൻവലിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥികളുടെ എണ്ണം ഒന്നിൽ കവിയുന്നുവെങ്കിൽ, വരണാധികാരി നാമനിർദ്ദേശപത്രികകളിൽ നല്കിയപ്രകാരം അക്ഷരമാല ക്രമത്തിൽ സ്ഥാനാർത്ഥികളുടെ പേരുകളും, അവരുടെ മേൽവിലാസങ്ങളും അടങ്ങിയ ഒരു ലിസ്ററ്, നിർണ്ണയിക്കപ്പെടുന്ന മററു വിവരണങ്ങളോടുകൂടി നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും, ഉടനടി പ്രസിദ്ധപ്പെടുത്തുകയും ഒരു വോട്ടെടുപ്പു നടത്തുകയും ചെയ്യേണ്ടതും;

(ഗ) മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുകയും തന്റെ സ്ഥാനാർത്ഥിത്വം അപ്രകാരം പിൻവലിക്കാതിരിക്കുകയും ചെയ്യുന്ന യാതൊരു സ്ഥാനാർത്ഥിയും ഇല്ലെങ്കിൽ, വരണാധികാരി ആ വസ്തുത തിരഞ്ഞെടുപ്പു കമ്മീഷന് റിപ്പോർട്ടു ചെയ്യേണ്ടതും, അതിനുശേഷം തിരഞ്ഞെടുപ്പു സംബന്ധിച്ച എല്ലാ നടപടികളും പുതുതായി ആരംഭിക്കേണ്ടതും, അതിനുവേണ്ടി തിരഞ്ഞെടുപ്പു കമ്മീഷൻ, ആ തിരഞ്ഞെടുപ്പു സംബന്ധിച്ച് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദാക്കുകയും അങ്ങനെയുള്ള പുതിയ തിരഞ്ഞെടുപ്പിനുവേണ്ടി ആ ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന തീയതികൾ നിശ്ചയിച്ചുകൊണ്ട് ആ ഉപവകുപ്പിൻകീഴിൽ മറെറാരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യേണ്ടതും, ആകുന്നു.

9. തിരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്ന രീതി.—വോട്ടെടുപ്പു നടത്തപ്പെടുന്ന ഏതൊരു തിരഞ്ഞെടുപ്പിലും, വോട്ടുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ബാലററുവഴി നല്കപ്പെടേണ്ടതും യാതൊരു വോട്ടും പ്രാക്സിവഴി സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.

10. വോട്ടെണ്ണൽ.—വോട്ടെടുപ്പു നടത്തപ്പെടുന്ന ഏതൊരു തിരഞ്ഞെടുപ്പിലും, വോട്ടുകൾ വരണാധികാരിയാലോ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലോ എണ്ണേണ്ടതും, ഓരോ സ്ഥാനാർത്ഥിക്കും ഓരോ സ്ഥാനാർത്ഥിയുടേയും, ലിഖിതമായി പ്രാധികാരം നല്കപ്പെടുന്ന ഒരു പ്രതിനിധിക്കും എണ്ണുന്ന സമയത്ത് സന്നിഹിതനാകാൻ അവകാശമുണ്ടായിരിക്കുന്നതും ആണ്.

11. ഫലപ്രഖ്യാപനം.— വോട്ടെണ്ണൽ പൂർത്തിയായിക്കഴിയുമ്പോൾ, വരണാധികാരി, ഈ ആക്റ്റിനാലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാലോ വ്യവസ്ഥ ചെയ്യപ്പെടുന്ന രീതിയിൽ ഉടനടി തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കേണ്ടതാകുന്നു.

12. ഫലം റിപ്പോർട്ടുചെയ്യൽ.—തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ച ശേഷം ആകുന്നതുംവേഗത്തിൽ, വരണാധികാരി, ഫലം കേന്ദ്രഗവൺമെൻറിനും തിരഞ്ഞെടുപ്പു കമ്മീഷനും റിപ്പോർട്ടുചെയ്യേണ്ടതും, കേന്ദ്ര ഗവൺമെൻറ്, അതതുസംഗതിപോലെ, രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടേയോ ഉദ്യോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആളുടെ പേരടങ്ങുന്ന പ്രഖ്യാപനം ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതും ആകുന്നു.

## ഭാഗം III

## തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച തർക്കങ്ങൾ

13. നിർവ്വചനങ്ങൾ.—സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, ഈ ഭാഗത്തിൽ—

(ക) "സ്ഥാനാർത്ഥി" എന്നാൽ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മുറപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളതോ ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന് അവകാശപ്പെടുന്നതോ ആൾ എന്നർത്ഥമാകുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ആൾ, അയാൾ ആ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് താൻ, ഭാവി സ്ഥാനാർത്ഥിയാണെന്ന ധാരണയുണ്ടാക്കാൻ ആരംഭിക്കുന്ന സമയം മുതൽ ഒരു സ്ഥാനാർത്ഥിയായിരുന്നതായി കരുതപ്പെടുന്നതും;

(ഖ) "കോടതിച്ചെലവ്" എന്നാൽ ഒരു തിരഞ്ഞെടുപ്പ് ഹർജിയുടെ വിചാരണയുടേതോ അതിന് ആനുഷംഗികമായതോ ആയ എല്ലാ കോടതിച്ചെലവും ചാർജ്ജുകളും വ്യയങ്ങളും എന്നർത്ഥമാകുന്നതും;

(ഗ) "വരണംചെയ്യപ്പെട്ട സ്ഥാനാർത്ഥി" എന്നാൽ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി 12-ാം വകുപ്പിൻ കീഴിൽ പേർ പ്രസിദ്ധപ്പെടുത്തപ്പെട്ട സ്ഥാനാർത്ഥി എന്നർത്ഥമാകുന്നതും ആകുന്നു.

14. തിരഞ്ഞെടുപ്പു ഹർജികൾ.— (1) യാതൊരു തിരഞ്ഞെടുപ്പും ഈ ഭാഗത്തിലുള്ള വ്യവസ്ഥകളും 145-ാം അനുച്ഛേദത്തിൻ കീഴിൽ സുപ്രീം കോടതി ഉണ്ടാക്കുന്ന ചട്ടങ്ങളും അനുസരിച്ച് സുപ്രീംകോടതിയിൽ ബോധിപ്പിക്കപ്പെടുന്ന ഒരു തിരഞ്ഞെടുപ്പു ഹർജിവഴിയൊഴികെ ചോദ്യം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

(2) ഒരു തിരഞ്ഞെടുപ്പിനെ ചോദ്യംചെയ്യുന്ന തിരഞ്ഞെടുപ്പു ഹർജി, ആ തിരഞ്ഞെടുപ്പിലെ ഏതെങ്കിലും സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ

(i) രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, ഹർജിക്കാരായി ഒന്നിച്ചുചേരുന്ന ഇരുപതോ അതിലധികമോ നിയോജകർക്കോ;

(ii) ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിന്റെ സംഗതിയിൽ, ഹർജിക്കാരായി ഒന്നിച്ചുചേരുന്ന പത്തോ അതിലധികമോ നിയോജകർക്കോ,

18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലും 19-ാം വകുപ്പിലും വിനിർദ്ദേശിച്ചിട്ടുള്ളഒന്നോ അതിലധികമോ കാരണങ്ങളിൻമേൽ സുപ്രീംകോടതിയിൽ ബോധിപ്പിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും ഹർജി, തിരഞ്ഞെടുപ്പിൽ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് അടങ്ങുന്ന പ്രഖ്യാപനം 12-ാം വകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ തീയതിക്കുശേഷം ഏതെങ്കിലും സമയത്തും, എന്നാൽ അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിന് പിൻപല്ലാതെയും ബോധിപ്പിക്കാവുന്നതാണ്.

15. ഹർജികളുടെ ഫാറം മുതലായവയും നടപടിക്രമവും.—ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, 145-ാം അനുച്ഛേദത്തിൻകീഴിൽ സുപ്രീം കോടതി ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് തിരഞ്ഞെടുപ്പു ഹർജികളുടെ ഫാറവും, അവ ബോധിപ്പിക്കുവാനുള്ള രീതിയും, അവയിൽ കക്ഷികളാക്കാനുള്ള ആളുകൾ ആരാണെന്നതും അതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമവും, ഏതു പരിത:സ്ഥിതികളിലാണോ ഹർജികൾ ഉപശമിപ്പിക്കുന്നത് അല്ലെങ്കിൽ പിൻവലിക്കപ്പെടാവുന്നത്, ആ പരിത:സ്ഥിതികളും പുതിയ ഹർജിക്കാരെ പകരം ചേർക്കാവുന്ന പരിത:സ്ഥിതികളും ക്രമപ്പെടുത്താവുന്നതും കോടതിച്ചെലവിനു ജാമ്യം നല്കാൻ ആവശ്യപ്പെടാവുന്നതും ആണ്.

16. ഹർജിക്കാരന് ആവശ്യപ്പെടാവുന്ന നിവൃത്തി.—ഹർജിക്കാരന് താഴെ പറയുന്ന സ്ഥാപനകളിൽ ഏതെങ്കിലും ഒരു സ്ഥാപനയ്ക്ക് അവകാശപ്പെടാവുന്നതാണ്:—

(ക) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന്;

(ഖ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ശൂന്യമാണെന്നും, താൻതന്നെയോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന്.

17. സുപ്രീംകോടതിയുടെ ഉത്തരവുകൾ.—(1) തിരഞ്ഞെടുപ്പു ഹർജിയുടെ വിചാരണ സമാപിക്കുമ്പോൾ, സുപ്രീംകോടതി—

(ക) തിരഞ്ഞെടുപ്പു ഹർജി തള്ളിക്കളയുന്നതോ;

(ഖ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ശൂന്യമാണെന്ന് സ്ഥാപിക്കുന്നതോ;

(ഗ) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ശൂന്യമാണെന്നും ഹർജിക്കാരനോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നും സ്ഥാപിക്കുന്നതോ,

ആയ ഉത്തരവു പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവു പുറപ്പെടുവിക്കുന്ന സമയത്ത്, സുപ്രീംകോടതി, കൊടുക്കപ്പെടേണ്ട ആകെ കോടതിച്ചെലവുതുക നിജപ്പെടുത്തുകയും, കോടതിച്ചെലവ് ആര് ആർക്ക് കൊടുക്കേണ്ടതാണെന്ന് വിനിർദ്ദേശിക്കുകയും ചെയ്യുന്ന ഉത്തരവുകൂടി പുറപ്പെടുവിക്കേണ്ടതാകുന്നു.

18. വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു ശൂന്യമാണെന്നു സ്ഥാപനചെയ്യുന്നതിനുള്ള കാരണങ്ങൾ.—(1) സുപ്രീംകോടതിക്ക്—

(ക) വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയോ അല്ലെങ്കിൽ വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ അനുവാദത്തോടുകൂടി ഏതെങ്കിലും ആളോ തിരഞ്ഞെടുപ്പിൽ കൈക്കൂലിക്കുററമോ അനുചിതമായ സ്വാധീനം എന്ന കുററമോ ചെയ്തിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഖ) തിരഞ്ഞെടുപ്പു ഫലം,—

(i) വോട്ടു ശരിയല്ലാത്തവിധം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്തതിനാലോ,

(ii) ഭരണഘടനയിലേയോ ഈ ആക്ററിലേയോ, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലേയോ ഉത്തരവുകളിലേയോ വ്യവസ്ഥകൾ ഏതെങ്കിലും വിധത്തിൽ അനുസരിക്കാത്തതിനാലോ,

(iii) (വിജയിയായ സ്ഥാനാർത്ഥിയല്ലാത്ത) തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചിട്ടില്ലാത്ത ഏതെങ്കിലും സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം അന്യായമായി സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാരണത്താലോ,

സാരമായി ബാധിക്കപ്പെട്ടിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം അന്യായമായി തിരസ്ക്കരിക്കുകയോ അല്ലെങ്കിൽ വിജയിയായ സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശം അന്യായമായി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെന്നോ;

അഭിപ്രായമുണ്ടെങ്കിൽ, സുപ്രീംകോടതി, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ശൂന്യമാണെന്ന് സ്ഥാപന ചെയ്യേണ്ടതാണ്.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, തിരഞ്ഞെടുപ്പിലെ കൈക്കൂലിക്കുററത്തിനും അനുചിതമായ സ്വാധീനം എന്ന കുററത്തിനും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യിലെ അദ്ധ്യായം IX ക യിലെ അതേ അർത്ഥം ഉള്ളതാകുന്നു.

19. വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയല്ലാത്ത ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി സ്ഥാപനചെയ്യാൻ വേണ്ട കാരണങ്ങൾ.—തിരഞ്ഞെടുപ്പു ഹർജി കൊടുത്തിട്ടുള്ള ഏതെങ്കിലും ആൾ, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചോദ്യം ചെയ്യുന്നതിനു പുറമേ, താനോ മറേറതെങ്കിലും സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നുള്ള സ്ഥാപന അവകാശപ്പെട്ടിരിക്കുകയും, സുപ്രീംകോടതിക്ക് ഹർജിക്കാരനോ അങ്ങനെയുള്ള മറെറ സ്ഥാനാർത്ഥിക്കോ സാധുവായ വോട്ടുകളുടെ ഭൂരിപക്ഷം വാസ്തവത്തിൽ കിട്ടിയിട്ടുണ്ട് എന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സുപ്രീംകോടതി, വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് അസാധുവാണെന്ന് സ്ഥാപന ചെയ്തതിനു ശേഷം, അതതു സംഗതിപോലെ, ഹർജിക്കാരനോ അങ്ങനെയുള്ള മറെറ സ്ഥാനാർത്ഥിയോ മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതായി സ്ഥാപന ചെയ്യേണ്ടതാകുന്നു:

എന്നാൽ ഹർജിക്കാരനോ അങ്ങനെയുള്ള മററ സ്ഥാനാർത്ഥിയോ അയാളുടെ തിരഞ്ഞെടുപ്പ്, അയാഠം വരണം ചെയ്യപ്പെട്ട സ്ഥാനാർത്ഥിയായിരുന്നുവെങ്കിൽ, ശൂന്യമാകുമായിരുന്നു എന്ന് തെളിയിക്കപ്പെടുകയും അയാളുടെ തിരഞ്ഞെടുപ്പിനെ ചോദ്യം ചെയ്തുകൊണ്ട് ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മുറപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി സ്ഥാപന ചെയ്യാൻ പാടുള്ളതല്ല.

20. കേന്ദ്രഗവൺമെൻറിന് ഉത്തരവുകഠം അയച്ചുകൊടുക്കുന്നതും അതിൻെറ പ്രസിദ്ധീകരണവും.—സുപ്രീംകോടതി, 17-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഉത്തരവുകഠം പ്രസ്താവിച്ചതിനുശേഷം, അവയുടെ പകർപ്പ് കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള പകർപ്പ് കിട്ടുന്നതിൻമേൽ കേന്ദ്രഗവൺമെൻറ് ആ ഉത്തരവ് ഉടനടി ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതും ആകുന്നു.

## ഭാഗം IV

## പലവക

2 ക. സ്ഥാനാർത്ഥിയുടെ കെട്ടിവച്ച പണം മടക്കിക്കൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യൽ.—(1) 5 ഗ വകുപ്പിൻകീഴിൽ കെട്ടിവച്ച പണം ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച്, അത് കെട്ടിവയ്ക്കുന്ന ആഠക്കോ, അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ മടക്കിക്കൊടുക്കുകയോ കേന്ദ്രഗവൺമെൻറിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ ഇതിനുശേഷം പറയുന്ന സംഗതികളിലൊഴികെ, കെട്ടിവച്ച പണം തിരഞ്ഞെടുപ്പിൻെറ ഫലം പ്രഖ്യാപിച്ചതിനുശേഷം പ്രായോഗികമായിടത്തോളം വേഗത്തിൽ മടക്കിക്കൊടുക്കേണ്ടതാകുന്നു.

(3) സ്ഥാനാർത്ഥിയെ 8-ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ലിസ്ററിൽ കാണിച്ചിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ വോട്ടെടുപ്പ് ആരംഭിക്കുന്നതിനുമുമ്പ് അയാഠം മരിക്കുകയോ ചെയ്യുന്നുവെങ്കിൽ, കെട്ടിവച്ച പണം, അതതുസംഗതിപോലെ, ലിസ്ററു പ്രസിദ്ധപ്പെടുത്തിയതിനുശേഷമോ അയാളുടെ മരണത്തിനു ശേഷമോ പ്രായോഗികമായിടത്തോളം വേഗത്തിൽ, മടക്കിക്കൊടുക്കേണ്ടതാകുന്നു.

(4) 3-ാം ഉപവകുപ്പിലെ വ്യവസ്ഥകഠക്ക് വിധേയമായി, വോട്ടെടുപ്പ് നടത്തിയ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടാതിരിക്കുകയും, അങ്ങനെയുള്ള സ്ഥാനാർത്ഥിക്ക് ലഭിച്ച സാധുവായ വോട്ടുകളുടെ എണ്ണം അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ, ഒരു സ്ഥാനാർത്ഥി വരണം ചെയ്യപ്പെടാനാവശ്യമായ വോട്ടുകളുടെ എണ്ണത്തിൻെറ ആറിലൊന്നിൽ കവിയാതിരിക്കുകയും, ചെയ്യുന്നുവെങ്കിൽ, കെട്ടിവച്ച പണം കണ്ടുകെട്ടപ്പെടുന്നതാകുന്നു.

21. ചട്ടങ്ങഠം ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, തിരഞ്ഞെടുപ്പു കമ്മീഷനുമായി ആലോചിച്ചതിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറ ആവശ്യങ്ങഠം നിർവ്വഹിക്കുന്നതിന് ചട്ടങ്ങഠം ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, ആ ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കും അല്ലെങ്കിൽ അവയിൽ ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) രാഷ്ട്രപതിത്തിരഞ്ഞെടുപ്പുകളുടെ ആവശ്യങ്ങൾക്കായി, 54-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നിയോജക ഗണത്തിലെ അംഗങ്ങളുടെ ഒരു ലിസ്റ്റ്, അവരുടെ നാളതുവരെ ശരിയാക്കിയ മേൽവിലാസങ്ങളോടുകൂടി, സൂക്ഷിക്കുന്നത്;

(ഖ) ഉപരാഷ്ട്രപതിത്തിരഞ്ഞെടുപ്പുകളുടെ ആവശ്യങ്ങൾക്കായി, 66-ാം അനുച്ഛേദത്തിൽ പരാമർശിക്കപ്പെട്ട നിയോജക ഗണത്തിലെഅംഗങ്ങളുടെ ഒരു ലിസ്റ്റ് നാളതുവരെ ശരിയാക്കിയ മേൽവിലാസങ്ങളോടുകൂടി, സൂക്ഷിക്കുന്നത്;

(ഗ) വരണാധികാരിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും, വരണാധികാരിയുടെ അസിസ്റ്റന്റായി നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ വരണാധികാരിയുടെ ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതും;

(ഗഗ) വരണാധികാരി 5-ാം വകുപ്പിൻകീഴിൽ പബ്ലിക് നോട്ടീസ് നല്കേണ്ട ഫാറവും രീതിയും;

(ഘ) നാമനിർദ്ദേശങ്ങൾ ചെയ്യുവാനുള്ള ഫാറവും രീതിയുംനാമനിർദ്ദേശപത്രങ്ങൾ ബോധിപ്പിക്കുന്നതുസംബന്ധിച്ച്അനുവർത്തിക്കേണ്ട നടപടിക്രമവും;

(ങ) നാമനിർദ്ദേശങ്ങളുടെ പരിശോധനയും, പ്രത്യേകിച്ച്, അങ്ങനെയുള്ള പരിശോധനനടത്തേണ്ട രീതിയും, പരിശോധനയിൽ ഏതെങ്കിലും ആൾക്ക് ഏത് നിബന്ധനകൾക്കും പരിതഃസ്ഥിതികൾക്കും കീഴിലാണ് സന്നിഹിതനാവുകയോ ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യാമെന്നതും;

(ച) സാധുവായ നാമനിർദ്ദേശത്തിന്റെ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തൽ;

(ഛ) വോട്ടെടുപ്പിന്റെ സ്ഥലവും സമയവും, തിരഞ്ഞെടുപ്പുകളിൽ സാമാന്യമായും, നിരക്ഷരരായ സമ്മതിദായകരുടെയോ ബാലററ് പേപ്പറുകൾ അച്ചടിച്ചിട്ടുള്ള ഭാഷ പരിചയമില്ലാത്ത സമ്മതിദായകരുടേയോ, ശാരീരികമോ മററാ ആയ അവശതയുള്ള സമ്മതിദായകരുടേയോ സംഗതിയിലും വോട്ട് നല്കേണ്ട രീതിയും വോട്ടുചെയ്യുന്നതു സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമവും;

(ജ) തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കുന്നതിനുമുൻപ് വീണ്ടും വോട്ടെണ്ണൽ നടത്താവുന്ന സംഗതികൾ ഉൾപ്പെടെ, വോട്ടുകളുടെ പരിശോധനയും എണ്ണലും;

(ഝ) ബാലററ് പെട്ടികളുടേയും ബാലററ്പേപ്പറുകളുടേയും മററു തിരഞ്ഞെടുപ്പ് കടലാസുകളുടേയും ക്രമമായ സൂക്ഷിപ്പും, ആ വക കടലാസുകൾ വച്ചിരിക്കേണ്ടതായ കാലാവധിയും ആ കടലാസുകളുടെ പരിശോധനയും ഹാജരാക്കലും;

(ഞ) ഈ ആക്ററിനാൽ നിർണ്ണയിക്കപ്പെടേണ്ട മററതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളിച്ചിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടുസമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ തുടർച്ചയായ സമ്മേളനത്തിനോ സമ്മേളനങ്ങൾക്കോ തൊട്ട് അടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

22. വോട്ടുചെയ്യൽ സംബന്ധിച്ച രഹസ്യപാലനം നിലനിറുത്തണമെന്ന്.—ഒരു തിരഞ്ഞെടുപ്പിൽ വോട്ടു റിക്കാർഡ് ചെയ്യുകയോ എണ്ണുകയോ ചെയ്യുന്നതു സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനോ, ക്ലാർക്കോ, മററാളോ വോട്ടുചെയ്യൽ സംബന്ധിച്ച രഹസ്യപാലനം നിലനിറുത്തുകയും നിലനിറുത്തുവാൻ സഹായിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള രഹസ്യ പാലനം ലംഘിക്കാൻ പററിയ യാതൊരു വിവരത്തെക്കുറിച്ചും (ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള വല്ല ഉദ്ദേശത്തിനുമല്ലാതെ) ആർക്കും അറിവു കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന തടവു ശിക്ഷയോ പിഴശിക്ഷയോ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

23. സിവിൽക്കോടതികളുടെ അധികാരിതയ്ക്ക് തടസ്സം.—ഭാഗം III-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ വരണാധികാരിയോ ഈ ആക്ററിൻ കീഴിൽ നിയമിക്കപ്പെട്ട മറേറതെങ്കിലും ആളോ, ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ച് എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയുടേയോ, നല്കിയിട്ടുള്ള ഏതെങ്കിലും തീരുമാനത്തിൻേറയോ നിയമസാധുത ചോദ്യം ചെയ്യാൻ യാതൊരു സിവിൽക്കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല.